# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 26

ഗുരുകുലം. UPS
തിരങ്ങാടുഴി.

## ആമുഖം

പത്തനംതിട്ടയുടെ ഏറ്റവും കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന സീതത്തോട് പഞ്ചായത്ത്. സീതത്തോട്ടിൽ നിന്ന് 6km. അകലെ ആങ്ങമൂഴിയുടെ ഹൃദയഭാഗത്താണ് ഗുരുകുലം. യു.പി. സ്കൂൾ 1968-69 സ്കൂൾ ആരംഭിച്ച ഈ സ്കൂൾ ഒരു ഏക്കർ 50സെന്റ് സ്ഥലത്ത് 3 കെട്ടിടങ്ങളിലായി ഒന്നുമുതൽ 7വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. ശക്തമായ P.T.A. വിദ്യാഭ്യാസ സമിതികൾ, ജനപ്രതിനിധികൾ മാനേജ്മെന്റ് ഇവരെല്ലാം കൂട്ടായ പ്രവർത്തനം ഈ സ്കൂളിന്റെ മികവാർന്ന പ്രവർത്തനത്തിന് വഴിയൊരുക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
2. പഠനം ആകർഷകവും, സർഗ്ഗാത്മകവും ആനന്ദവുമാകുന്ന തരത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
3. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക
4. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരം ഒരുക്കുക.
5. കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിയ്ക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരം ഒരുക്കുക.
6. പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിച്ചും ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുക.
7. അക്കാദമിക മികവിന് ഉപകരിക്കും വിധത്തിൽ ദീർഘകാല പ്രോജക്ടുകൾ ഏറ്റെടുക്കൽ.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

1. പഠന പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
2. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ഓരോ ക്ലാസിലും വിവിധ വിഷയങ്ങളിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കൽ.
4. പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്
5. ആധുനിക സാങ്കേതിക വിദ്യ ഉപയോഗം
6. വിലയിരുത്തലിനെ കുറിച്ചുള്ള കാഴ്ചപ്പാട്
7. കലാ കായിക രംഗങ്ങളിലെ മികവിനെ കുറിച്ചുള്ള കാഴ്ചപ്പാട്

## പദ്ധതി രൂപീകരണ പ്രക്രിയ

- S.R.G. യോഗത്തിൽ ചർച്ച
- വിഷയ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കൽ
- ആവശ്യമായ കൂട്ടിച്ചേർക്കൽ
- വിദ്യാലയ വികസന സമിതിയിൽ ചർച്ച
- പദ്ധതി രൂപരേഖ അവസാന ഘട്ടം തയ്യാറാക്കൽ

### ഭൗതികം

ഭൗതിക സാഹചര്യം ഏതൊരു വിദ്യാലയത്തിന്റെയും ഫലപ്രദമായ വികസനത്തിന് ആവശ്യമാണ്. ലഭ്യമായ വിഭവങ്ങൾ ശരിയായി ഉപയോഗിക്കുമ്പോൾ വിദ്യാലയം മികവുറ്റതാകുന്നു.

പരിമിതികൾ

- ക്ലാസ് മുറി ഭിത്തി തിരിച്ചിട്ടില്ല

## പ്രവർത്തനം : ബോധവത്കരണ ക്ലാസുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹത്തിലെ പൊതുകാര്യങ്ങൾ അറിയുക<br><br>കുട്ടികൾക്ക് ക്ലാസിലും ക്യാമ്പസിലും സങ്കോചമില്ലാതെ പ്രവർത്തനത്തിലേർപ്പെടുക | ബോധവത്കരണ ക്ലാസുകൾ<br>1. സെൽഫ് ഡിഫൻസ്<br>2. റോഡ് സുരക്ഷ<br>3. ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്<br>4. ശുചിത്വം<br>5. മാലിന്യസംസ്കരണം<br>6. ആരോഗ്യശീലങ്ങൾ<br>7. പൊതുമുതൽ സംരക്ഷണം<br>8. പരസ്പര സഹകരണം<br>9. കാലാവസ്ഥ മുൻകരുതൽ<br>10 വ്യായാമം<br>11. പരിസര ശുചിത്വം<br>12. സ്കൂൾ വാഹനം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ<br>13. പ്രകൃതി ദുരന്തങ്ങൾ | ജൂൺ 1 മുതൽ 13 വരെ | പോലീസ്<br>അധ്യാപകർ<br><br>ഹെൽത്ത് ഇൻസ്പെക്ടർ<br><br>അധ്യാപകർ |

പ്രവർത്തനം : ദിനാചരണങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ദിനാചരണങ്ങളുടെ ലക്ഷ്യം പ്രാധാന്യം മനസ്സിലാക്കൽ | 1. പരിസ്ഥിതിദിനം പരിചയപ്പെടുത്തുക വരങ്ങൾ ഇംഗ്ലീഷ് പേര്, ശാസ്ത്രനാമം 2) ഔഷധസസ്യങ്ങളുടെ ശേഖരം | ജൂൺ 5 | ക്ലാസ് അധ്യാപകൻ | |
| | ജൂൺ 19 2. വായനാദിനം പുസ്തകമരം ഹോം ലൈബ്രറി രചനകൾ ക്ലാസ് ലൈബ്രറി | ഒരാഴ്ച ജൂൺ 19 മുതൽ ഒരു വർഷക്കാലം | | |
| | ജൂൺ -26 മയക്കുമരുന്ന് വിരുദ്ധദിനം കൗൺസിലിംഗ് ക്ലാസ് ബോധവൽക്കരണ നാടകം | ജൂൺ 26 | | |
| | ജൂലൈ 5 ബഷീർ ചരമദിനം സിനിമ പ്രദർശനം | ജൂലൈ 5 | | |
| | ഹിരോഷിമ-നാഗ സാക്കി പാവനാടകം | | | |

| | | | | |
|---|---|---|---|---|
| | യുദ്ധവിരുദ്ധ പ്ലക്കാർഡ് നിർമ്മാണം<br>സമാധാന സന്ദേശം കൈമാറൽ | ആഗസ്റ്റ് 9 | | |
| | സ്വാതന്ത്ര്യദിനം<br>ഡിജിറ്റൽ മാസിക<br>ക്വിസ്<br>പതാക നിർമ്മാണം | ആഗസ്റ്റ് 15 | | |
| | അധ്യാപകദിനം<br>കുട്ടിമാഷ്<br>കുട്ടി, അധ്യാപകരെ കണ്ടെത്തൽ | സെപ്തംബർ 5 | | |
| | സെപ്തംബർ 16<br>ഓസോൺ ദിനം<br>ഫസ്റ്റ് എയ്ഡ്<br>പരിശീലനം | സെപ്തംബർ 16 | | |
| | ഗാന്ധിജയന്തി<br>സ്കൂൾ, വീട് ശുചീകരണം<br>അടിക്കുറിപ്പ് മത്സരം<br>ക്വിസ് | ഒക്ടോബർ 2 | | |
| | ശിശുദിനം<br>നെഹ്റുതൊപ്പി നിർമ്മാണം<br>ആശംസാ കാർഡ് | നവംബർ 14 | | |
| | രാമാനുജൻ ദിനം<br>ഗണിതപദപ്രശ്നങ്ങൾ<br>പസിലുകൾ | ഡിസംബർ 22 | | |

പ്രവർത്തനം : ക്ലബ്ബ് രൂപീകരണം

ലക്ഷ്യം : ക്ലബ്ബുകളിലെ പ്രവർത്തനങ്ങൾ വിഷയ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നിർവഹിക്കൽ .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രവർത്തനം ഏറ്റെടുത്ത് നിർവഹിക്കൽ | സയൻസ് ക്ലബ്ബ് ക്ലബ്ബ് രൂപീകരിക്കൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | 1 വർഷം | സയൻസ് ക്ലബ്ബ് ചാർജ്ജ് അധ്യാപിക |
| | ഗണിത ക്ലബ്ബ് ക്ലബ്ബ് രൂപീകരിക്കൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | 1 വർഷം | ഗണിത അധ്യാപിക |
| | ഇംഗ്ലീഷ് ക്ലബ്ബ് ക്ലബ്ബ് രൂപീകരിക്കൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | 1 വർഷം | ഇംഗ്ലീഷ് അധ്യാപിക |
| | സോഷ്യൽ സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ കണ്ടെത്തൽ | 1 വർഷം | S.S. അധ്യാപിക. |

2 വായനാക്കുറിപ്പുടെ അഭാവം
3 ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്
4 കലാകായിക അധ്യാപകരുടെ അഭാവം
5 നിരപ്പില്ലാത്ത കളിസ്ഥലം

വിഷയം മലയാളം

പ്രവർത്തനം : പ്രാദേശിക വായനാകേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തലും, പുസ്തക വായനയും

ലക്ഷ്യങ്ങൾ : വായനാവസരങ്ങൾ സൃഷ്ടിക്കുക, ഭാഷാശേഷി വികാസം, പ്രാദേശിക വായനാവസരം പുസ്തക രചന സാധ്യമാക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ബാലമാസികകൾ ശേഖരിക്കൽ വിതരണം ചെയ്യൽ പ്രാദേശിക ഗ്രന്ഥാലയം സന്ദർശിക്കൽ. പുസ്തക ശേഖരണം വായനാക്കുറിപ്പ് തയ്യാറാക്കൽ സർഗ്ഗാത്മക രചനകൾക്ക് അവസര ശില്പശാലകൾ | ഒരുവർഷം | മലയാളം അധ്യാപകർ | |
| വിദ്യാർത്ഥികൾക്ക് ക്ലാസ്സ് പത്ര നിർമ്മാണം പ്രശ്നോത്തരി എഴുത്താണി. അക്ഷരം തിട്ടമാക്കൽ, സിനിമ കാണിക്കൽ, വാർത്തകൾ കേൾപ്പിക്കൽ, പദ്യം കേൾപ്പിക്കൽ | ഒരുവർഷം | മലയാളം അധ്യാപകർ | |

പ്രവർത്തനം : വിദ്യാരംഗം കലാസാഹിത്യവേദി

ലക്ഷ്യം : കുട്ടികളുടെ സാഹിത്യവാസന ഉദ്ദീപിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ സാഹിത്യവാസന വളർത്തിയെടുക്കുക. | വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനറെ തിരഞ്ഞെടുക്കൽ | ജൂൺ ആദ്യവാരം | |
| | കുട്ടികളെ തിരഞ്ഞെടുക്കൽ | 2.10 [illegible] ആഴ്ച | വിദ്യാരംഗം കൺവീനർ |
| | കമ്മിറ്റി പ്രവർത്തനങ്ങൾ രൂപീകരിക്കൽ | ജൂൺ അവസാന വാരം | |
| | മാസത്തിലൊരിക്കൽ കമ്മിറ്റി വിവിധ പ്രവർത്തനങ്ങൾ നടത്തൽ കഥയെഴുത്ത്, കവിത എഴുത്ത്, ചൊല്ലൽ, ഉപന്യാസ രചന, ക്വിസ് | | |
| | 2 മാസത്തിലൊരിക്കൽ കുട്ടികളുടെ രചനകളുടെ മത്സരം | 2 മാസത്തിലൊരിക്കൽ | |

പ്രവർത്തനം: റേഡിയോ പ്രക്ഷേപണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം ദൈർഘ്യം | ചുമതല | |
|---|---|---|---|---|
| കുട്ടികളിൽ വാർത്താവായന മനസ്സിലാക്കാനും, അവതരിപ്പിക്കാനും വാർത്തകൾ തയ്യാറാക്കാനും പഴയകാലത്തെ പ്രധാന മാധ്യമമായിരുന്ന റേഡിയോ പരിചയപ്പെടാനും | U.P. ക്ലാസുകളിൽ നിന്നും കുട്ടികളെ വാർത്തകൾ ശേഖരിക്കാനും, വായനയ്ക്കും തിരഞ്ഞെടുക്കുന്നു. വാർത്തകൾ അക്ഷര സ്ഫുടതയോടെ വായിക്കുന്നു. മൈക്കിലൂടെ എല്ലാ കുട്ടികളേയും കേൾപ്പിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ചലച്ചിത്ര ഗാനം കേൾപ്പിക്കുന്നു. പരിപാടിയുടെ അഭിപ്രായങ്ങൾ എഴുത്തുപെട്ടിയിലൂടെ എല്ലാ കുട്ടികളും ആഴ്ചയിലൊരിക്കൽ നൽകുന്നു. എഴുത്ത് വായിക്കുന്നു. | ജൂലൈ അദ്ധ്യയനം തുടക്കം ആഴ്ചയിൽ ഒരിക്കൽ<br>1 വർഷക്കാലം | അദ്ധ്യാപകർ | |

## വിഷയം മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിൽ അടിസ്ഥാന ശേഷിയിൽ പരിമിതിയുള്ള അക്ഷരവൈകല്യ വിഭാഗം കുട്ടികളെ കണ്ടെത്തുക | പ്രോജക്ട് പേര് വായനാചങ്ങാത്തം | 1 വർഷം | അധ്യാപകർ | |
| വായനോത്സവം | ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ | ഒന്നാം ടേം | ക്ലാസ് അധ്യാപകർ | |
| വായനാചങ്ങാത്തം അമ്മവായന | അമ്മവായന | ഒന്നാം ടേം | ക്ലാസ് അധ്യാപകർ | |
| സ്വതന്ത്രവായനയിൽ കഴിവുള്ളവരാക്കുക | വായനാകാർഡ് നിർമ്മാണം ക്ലാസ് II | ടേം ഒന്ന് | ക്ലാസ് അധ്യാപകർ | |
| വായനയിൽ താത്പര്യം വളർത്തൽ | പുസ്തകശേഖരണം | 1 വർഷം | ഭാഷാ അധ്യാപകർ | |

ഗണിതം

പ്രവർത്തനത്തിന്റെ പേര് : പ്രകൃതിയിലെ ഗണിതം

ഉപമേഖല : ഗണിതശേഷി വികാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയിലുള്ള ജന്തുക്കളുടെയും സസ്യങ്ങളുടെയും ഗണിതം തിരിച്ചറിയൽ. | പ്രകൃതിയിലെ വ്യത്യസ്ത വസ്തുക്കൾ നിരീക്ഷണം ഓരോന്നിന്റെയും ആകൃതി, നിറം വലിപ്പം എന്നിവ കണ്ടെത്തൽ | 1 മാസം | ഗണിത അധ്യാപകർ |
| ഗണിത ശാസ്ത്രത്തോട് അഭിരുചിയും വളർത്തുക കുട്ടികളിൽ അറിവു നിർമ്മാണത്തിനും പ്രയോഗത്തിനും അന്വേഷണത്തിനുമുള്ള അവസരങ്ങൾ ഒരുക്കൽ | ക്ലബ് രൂപീകരണം, ചുമതല വിഭജനം, പ്രവർത്തനം ഏറ്റെടുക്കൽ, ക്വിസ്, ഗണിത കേളികൾ, ഗണിത ദിനാചരണങ്ങൾ ഗണിതശാസ്ത്ര മാസിക, ചുവർ മാസിക, ഗണിത ചോദ്യപ്പെട്ടി | 1 വർഷം | ഗണിത അധ്യാപകർ |
| തൊഴിലിടങ്ങളിലെ ഗണിതം തിരിച്ചറിയൽ | തൊഴിൽ സ്ഥാപനങ്ങൾ സന്ദർശനം ചോദ്യാവലി ഉപയോഗിച്ച് | | |

| | | | | |
|---|---|---|---|---|
| | വിവരശേഖരണം, തടിയുടെ വില, പണിക്കൂലി, വിപണനം ലാഭം, നഷ്ടം കണ്ടെത്തൽ | 1 വർഷം | ഗണിത അധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര്: പൂർവ്വവിദ്യാർത്ഥിസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം | രണ്ട് വർഷം | പി.ടി.എ എസ്.ആർ.ജി. | |

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം. |
|---|---|---|---|---|
| ഒരുവർഷത്തെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തൽ | ഒരുവർഷത്തെ അക്കാദമിക കലണ്ടർ നിർമാണം | S.R.G. 1 | 1 മാസം | |

പേര് : പുസ്തക പ്രസിദ്ധീകരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികളിൽ മികച്ചവ പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ, കവിത, കാർട്ടൂൺ യോജിച്ചവ തിരഞ്ഞെടുത്ത് അച്ചടിക്കൽ | 1 വർഷം | |

പ്രവർത്തനം : ഇംഗ്ലീഷ് ഫെസ്റ്റ്

മേഖല : ഇംഗ്ലീഷ് ഭാഷാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് വായിക്കാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കുക | അവധിദിവസം ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ | | |
| കുട്ടികളുടെ ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കൽ കുട്ടികൾക്ക് ഉത്തരമെഴുതാൻ നിശ്ചിത സമയം നൽകുന്നു. തെറ്റുകൾ തിരുത്തുന്നു. | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും, എഴുതാനും സംസാരിക്കാനും ഉള്ള ശേഷി | ആഴ്ചയിൽ 2 ദിവസം അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| o അടിസ്ഥാനഗണിതം എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളികളിലൂടെ അടിസ്ഥാനശേഷികൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ | ഗണിത അധ്യാപകർ |
| ഗണിതലാബ് | ക്ലാസ് മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിലൂടെ അധ്യാപകരും ചേർന്ന് പോരായ്മ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ | ആഴ്ചയിൽ 1 പിരിയഡ് | ഗണിതഅധ്യാപകരും സമർത്ഥരായ കുട്ടികളും |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരണമായി പ്രവർത്തനങ്ങൾ | 1 മാസം ജൂൺ | |
| | Breaking News<br>ഇംഗ്ലീഷ് വാർത്തകൾ ക്ലാസ്സിൽ കേൾപ്പിക്കൽ ശരിയായ ഉച്ചാരണം ശ്രവിക്കൽ | 1 വർഷം ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| | Vocabulary.<br>പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ദിവസേന 5 പുതിയ വാക്കുകൾ ഡിക്ഷ്ണറിയുടെ സഹായത്തോട് കണ്ടെത്തൽ | ജൂലൈ | |
| | One man show<br>അഭിനയത്തിൽ ഇംഗ്ലീഷ് ഉപയോഗിക്കുന്നതിന് പ്രോത്സാഹനം | ഓഗസ്റ്റ് | |

പേര് : ശാസ്ത്രലാബ് ശക്തീകരണം

മേഖല : ശാസ്ത്ര പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രലാബ് സജ്ജമാക്കൽ | സയൻസ് ലാബിൽ കൂടുതൽ ഉപകരണങ്ങൾ ശേഖരിക്കുക തരംതിരിക്കൽ ക്രമീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് അധ്യാപകർ |

വിഷയം : സയൻസ്

പേര് : ശാസ്ത്ര കൗതുകം

മേഖല : ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ പങ്കെടുപ്പിക്കൽ | ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ 100 പരീക്ഷണങ്ങൾ ഒരു ടേമിൽ പഠിപ്പിച്ച പരീക്ഷണങ്ങളുടെ അവതരണം | 1 ടേം | സയൻസ് ടീച്ചർ | |

വിഷയം : സയൻസ്

പ്രവർത്തനത്തിന്റെ പേര് : മരുന്നിനെ അകറ്റാം

മേഖല : ശാസ്ത്ര ബോധന പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| നിസ്സാര രോഗങ്ങൾക്ക് പോലും മരുന്ന് കഴിച്ച് രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നു. ഔഷധസസ്യങ്ങളെ പരിചയപ്പെടൽ | ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നു. ഔഷധതോട്ടങ്ങളിൽ വളരുന്ന സസ്യങ്ങളുടെ വിവര ശേഖരണം. | 1 വർഷം | സയൻസ് അധ്യാപകർ |

വിഷയം : ഹിന്ദി

ഹിന്ദി അസംബ്ലി , നാടകോത്സവം

| | | | |
|---|---|---|---|
| ഹിന്ദി അസംബ്ലി | ഹിന്ദിഭാഷയിൽ പ്രായോഗികമായ ചുമതലകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്. | 1 വർഷം | ഹിന്ദി അധ്യാപിക |
| ഹിന്ദിനാടകം | കഥാവായന<br>കഥാരചന<br>സ്ക്രിപ്റ്റ് റൈറ്റിംഗ്<br>എഡിറ്റിംഗ്<br>അഭിനയ പരിശീലനം | 1 വർഷം | ഹിന്ദി അധ്യാപിക |

പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികൾക്ക് മികച്ച പഠന അന്തരീക്ഷം ഒരുക്കൽ
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഒരുക്കൽ
- കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാക്കൽ
- കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരും ആക്കുക.
- പൊതു സമൂഹത്തെ സ്കൂളിലേക്ക് ആകർഷിക്കൽ